96 (2787) പെൻഷൻ നൽകുന്നതിനുള്ള അധികാരം

ശ്രീ. വി. ബാലറാം :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ വേതനം, കർഷകത്തൊഴിലാളി പെൻഷൻ, അഗതി പെൻഷൻ എന്നിവ നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറുന്നതിന് മുമ്പ് എത്രപേർക്ക് നൽകിയിരുന്നു;

(ബി) ഇപ്പോൾ എത്ര പേർക്ക് ഇവ നൽകുന്നുണ്ട്?

ഉത്തരം

(എ) തൊഴിലില്ലായ്മ വേതനം, കർഷകത്തൊഴിലാളി പെൻഷൻ, അഗതി പെൻഷൻ എന്നിവ നൽകുന്നതിനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് മുമ്പ് 2,32,264 പേർക്ക് തൊഴിലില്ലായ്മ വേതനവും 3,12,944 പേർക്ക് കർഷകത്തൊഴിലാളി പെൻഷനും അഗതികളായ വിധവകൾക്കും അഗതികളായ 65 വയസു കഴിഞ്ഞ വൃദ്ധ ജനങ്ങൾക്കും നൽകിവരുന്ന അഗതി പെൻഷൻ 1,89,263 പേർക്കും നൽകിയിരുന്നു.

(ബി) തൊഴിലില്ലായ്മ വേതനം തദ്ദേശഭരണ സ്ഥാപനങ്ങൾവഴി വിതരണം ചെയ്തു തുടങ്ങിയിട്ടില്ല. ഇപ്പോൾ 3,00,787 പേർക്ക് കർഷക തൊഴിലാളി പെൻഷനും 2,78,296 പേർക്ക് അഗതി പെൻഷനും നൽകിവരുന്നു.

97 (2788) സി.എൽ.ആർ. തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ ഇറിഗേഷൻ പ്രോജക്ടിലെ സർക്കാർ അംഗീകരിച്ച എല്ലാ സി.എൽ.ആർ. തൊഴിലാളികളെയും സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ നടപടിയെടുക്കുമോ;

(ബി) 1993 വർഷംവരെ 500 ദിവസം ജോലി ചെയ്ത സി.എൽ.ആർ. കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടിയെടുക്കുമോ.

(സി) സി.എൽ.ആർ. ആയി സ്ഥിരപ്പെടുത്താൻ അർഹതയില്ലാത്തവരെ എസ്.എൽ.ആർ. ആയി ജോലി നൽകാൻ തീരുമാനമെടുക്കുമോ;

(ഡി) ഇപ്പോൾ കോൺട്രാക്ട് കൊടുത്ത് ചെയ്യിക്കുന്ന പി.ഐ.പി. കരാർ മെയിന്റനൻസ് ജോലികൾ സി.എൽ.ആർ. കാരെക്കൊണ്ട് ചെയ്യിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) സി.എൽ.ആർ. സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) 19.05.1983 വരെ സി.എൽ.ആർ. ആയിരിക്കുകയും 01.04.1987-ൽ 500 പ്രവൃത്തിദിവസം പൂർത്തിയാക്കുകയും ചെയ്ത എല്ലാ തൊഴിലാളിക

LIBRARY ARCHIVES Kerala Legislative Assembly